# SSLC PRE MODEL EVALUATION-2023 MPM-101A

അടിസ്ഥാന പാഠാവലി

Time:-45Minutes PART-A Total Score:-20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം (2 x 1 = 2)**

1. കഞ്ഞിയും കപ്പയും കാലമായപ്പോൾ ചിരുത കോരനെ <u>വിളിച്ചുണർത്തി.</u> അടിവരയിട്ട ഭാഗത്തെ പദങ്ങൾ പിരിച്ചെഴുതിയാൽ,

■വിളി,ച്ചുണർത്തി ■വിളിച്ച്, ണർത്തി ■വിളിച്, ചുണർത്തി ■വിളിച്ച്, ഉണർത്തി

2,അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും <u>മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു.</u>അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥം കണ്ടെത്തുക.

■സംസാര ശേഷി നഷ്ടപ്പെടുന്നു ■ഒറ്റക്കിരിക്കാൻ ഇഷ്ടപ്പെടുന്നു

■വീടിന് പുറത്തേക്ക് ഇറങ്ങിപ്പോകുന്നു ■ഒറ്റക്കിരുന്ന് കരയുന്നു.

3. ഓമൽക്കവിള്‍തുടുത്ത്, നാണത്തോടെ ഓണക്കോടിയുടുത്ത് വരുന്നതാരാണ്?

■പുള്ളുവൻ ■കവി ■ചെറുകന്യക ■ഉഷസ്സ്

**4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (2 x2 = 4 )**

4. വൃദ്ധൻ പറഞ്ഞു: 'മുഴക്കരിയിട്ട തെളപ്പിച്ചു. ഏനാ അത് കുടിച്ചത്. അവള് കുടിച്ചില്ല. ഏനു കോരിക്കോരിത്തന്നു ' ( പ്ലാവിലക്കഞ്ഞി )- ചിരുതയുടെ ഒരു സ്വഭാവ ഗുണമാണ് ഇവിടെ തെളിയുന്നത്.ചിരുതയുടെ മറ്റ് രണ്ട് സവിശേഷതകൾ കണ്ടത്തി എഴുതുക

5. അമ്മയെ ഉപേക്ഷിക്കാൻ ജില്ലാശുപത്രിക്കരികിലൂടെ കടന്നുപോയ മകന്റെ മനസ്സിലുണ്ടായ ചിന്തകൾ രണ്ട് വാക്യത്തിൽ എഴുതുക

6. **അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക**' തറവാട്ട വീട്ടിൽ മാവുകൾ പലതുണ്ടായിരുന്നുവെങ്കിലും കുലശ്രേഷ്ഠകളായി എണ്ണിയത് രണ്ടെണ്ണത്തിനെ ആയിരുന്നു. '

**7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം (2x 4 = 8 )**

7. പ്ലാവിലക്കഞ്ഞിയിലെ കോരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

8. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ് ? "- "ഇല്ലച്ഛമ്മേ . ഒന്നും കേക്കില്ല, ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ. " (ഓരോ വിളിയും കാത്ത് )

'നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' (കുറ്റിപ്പുറത്ത് )- കഥയിലേയും കവിതയിലേയും വരികൾ പരിഗണിച്ച് നാട്ടും നഗരവും തമ്മിലുള്ള അന്തരം താരതമ്യം ചെയ്യുക

9. 'ഇന്നു മാങ്ങാ മരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ അപരിഷ്കൃത മട്ടുകൾ അവർ അറിയാൻ ഇടയില്ല.' - (കൊച്ചു ചക്കരച്ചി )

- ലേഖകൻ ഉദ്ദേശിച്ച അപരിഷ്കൃത മട്ടുകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ (1X6=6)**

10.ശ്രീ . റഫീഖ് അഹമ്മദിന്റെ ' അമ്മത്തൊട്ടിൽ ' എന്ന കവിത സമകാലീക സമൂഹത്തിന്റെ മനുഷ്യത്വരഹിതമായ പ്രവണതകളോടുള്ള ശക്തമായ പ്രതികരണമാണ്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'വാർധക്യം നേരിടുന്ന വെല്ലുവിളികൾ ' എന്ന ശീർഷകത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

11. ഓണത്തപ്പനെ വരവേൽക്കാൻ പ്രകൃതി അണിഞ്ഞൊരുങ്ങി നിൽക്കുന്നത് എങ്ങനെയെല്ലാമാണെന്നാണ് വൈലോപ്പിള്ളി അവതരിപ്പിക്കുന്നത്. ഓണ മുറ്റത്ത് എന്ന കവിതയുടെ ആസ്വാദനാംശങ്ങൾ പരിഗണിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക.

# SSLC PRE MODEL EVALUATION-2023 MPM-101A

അടിസ്ഥാന പാഠാവലി

Time:-45Minutes PART-B Total Score:-20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം (2 x 1 = 2)**

1. 'അപ്പന് ഒരു നേരമെങ്കിലും നിറച്ച് ചോറു കൊടുക്കണം- അടിവരയിട്ട ഭാഗത്തെ പദങ്ങൾ പിരിച്ചെഴുതിയാൽ,

■നേര,മെങ്കിലും ■നേരമെ,ങ്കിലും ■നേരം,എങ്കിലും, ■നേരമെ,എങ്കിലും

2 മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു. - അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥം കണ്ടെത്തുക.

■കുട്ടിപിടിച്ചകണ്ണാടി ■വ്യക്തതയില്ലാത്തകാഴ്ച്ചകൾ

■തെളിഞ്ഞപ്രതലം ■മനസ്സാകുന്നകണ്ണാടി

3.' മേന്മേൽ കുരവയിട്ടു കൊച്ചരുവികളേ, ചെറുകന്യകളേ ന -
ല്ലതിഥി നമുക്കിനിയാരിതു പോലെ ' - ഇവിടെ പരാമർശിക്കുന്ന അതിഥി ആരാണ് ?

■കവി ■മലയാളനാട് ■മഹാബലി ■പുള്ളുവൻ

**4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (2 x2 = 4 )**

4. എങ്ങനെയിരുന്ന ആളാണ്! നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തുമുണ്ടായിരുന്നു ഇന്ന് എഴുന്നേറ്റ് നിൽക്കാൻ പോലും കരുത്തില്ല. (പ്ലാവിലക്കഞ്ഞി) - കോരൻ തന്റെ പിതാവിനെ കുറിച്ച് ചിന്തിക്കുന്നതാണിത്. കോരന്റെ അച്ഛന്റെ മറ്റു രണ്ടു സവിശേഷതകൾ കണ്ടെത്തി എഴുതുക.

5' പെറ്റു കിടക്കും തെരുവ് പട്ടിക്കെന്തൊരുറ്റം കുരച്ചത് ചാടിക്കുതിക്കുന്നു. ' (അമ്മത്തൊട്ടിൽ) - ഈ വരികൾ കവിതയ്ക്ക് നൽകുന്ന സവിശേഷാർത്ഥം കണ്ടെത്തുക.

6. **അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക.**' ഇന്ന് മാങ്ങ മരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാൻ ഇടയില്ല.'

**7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം (2x 4 = 8 )**

7. പ്ലാവിലക്കഞ്ഞിയിലെ ചിരുത എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

8. യു.കെ.കുമാരന്റെ 'ഓരോ വിളിയും കാത്ത് ' എന്ന കഥയ്ക്ക് ആ ശീർഷകം യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവു തന്നെയാണെന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ? കുറിപ്പ് തയ്യാറാക്കുക.

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ (1X6=6)**

10. " ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കാം, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു ... " - ആധുനികതലമുറയിലെ കുടുംബ ബന്ധങ്ങളിൽ കാണുന്ന വിള്ളലുകളാണ് റഫീഖ് അഹമ്മദിന്റെ ഈ വരികളിൽ തെളിയുന്നത്. കവിതയും സമകാലിക സാമൂഹിക ജീവിത സന്ദർഭങ്ങളും പരിഗണിച്ച് 'പുതുതലമുറയും തകരുന്ന കുടുംബ ബന്ധങ്ങളും ' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

11. 'ഈ മലനാട്ടിൽ വായുവിലുണ്ടൊരുമധുരോദാര വികാരം, മഞ്ഞാലീറനുടുത്തൊരു പാവന ഭാവം, ' ( ഓണമുറ്റത്ത് ) - കവിതയിൽ കാണുന്നപ്രകൃതി രമണീയമായ കേരളത്തിന്റെ ചിത്രം ഇന്ന് കാണുന്നുണ്ടോ? കവിതയിലെ ആശയവും നിങ്ങളുടെ അഭിപ്രായവും ഉൾപ്പെടുത്തി 'ഓണവും പൂവും മറന്ന മലയാളി' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.